ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കേരകർഷകരുടെ ജീവിത മാനദണ്ഡം ഉയരുകയല്ല ചെയ്യുന്നതെന്നറിയാം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഈ ചങ്കാ ഇളവുചെയ്ത് കൊടുത്തതാണ് വിലയിടിവിനു കാരണമെന്നു കാണിച്ച് ഈ ഗവണ്മെൻറിൽ നിന്നും നിവേദനമെങ്കിലും നടത്താൻ തയ്യാറാകുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ നിവേദനമെങ്കിലും നടത്തിയിട്ടുണ്ട്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ഈ അടുത്തകാലത്ത് സിലോൺ ഗവണ്മെൻറ് അവിടെനിന്നും ഇങ്ങോട്ടു കൊപ്രകയറ്റി അയയ്ക്കുന്നതിനുള്ള ചങ്കും വെട്ടിക്കുറച്ചതുകൊണ്ടാണ് ഈ വിലയിടിവ് വന്നതെന്നറിയാമോ?

Mr. SPEAKER : That is a matter of opinion.

ഗ്രാമീണ വ്യവസായങ്ങൾ.

* 252. [4] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്ത് ഗ്രാമീണവ്യവസായങ്ങൾ ആരംഭിക്കുന്നതു സംബന്ധിച്ച് ഗവണ്മെൻറ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചു നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട ഗ്രാമീണവ്യവസായങ്ങളെപ്പറ്റിയും ചെറുകിട വ്യവസായങ്ങളെപ്പറ്റിയും അന്വേഷിച്ച് റിപ്പോർട്ടുചെയ്യുവാൻ പ്ലാനിംഗ് കമ്മീഷൻ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത കമ്മിറ്റിയുടെ മുമ്പാകെ ഈ ഗവണ്മെൻറ് എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതു് എന്താണെന്നു് വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ടു്. ഈ സംസ്ഥാനത്തു് ഗ്രാമീണ വ്യവസായങ്ങൾ ആരംഭിക്കുന്നതു സംബന്ധിച്ചു് ഒരു പദ്ധതി രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ആസൂത്രണം ചെയ്തിട്ടുണ്ടു്.

(ബി) പ്ലാനിംഗ് കമ്മീഷൻ ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടു്.

(സി) ഉണ്ടു്.

(ഡി) പ്രസ്തുത കമ്മിറ്റിയുടെ മുമ്പാകെ നേരിട്ടു് ഹാജരായി ഈ സംസ്ഥാനത്തു് ആരംഭിക്കുവാൻ പോകുന്ന ചെറുകിട ഗ്രാമീണ വ്യവസായങ്ങളുടെ വിശദാംശങ്ങൾ അടങ്ങിയ സ്റ്റേറ്റുമെൻറ് സമർപ്പിക്കുകയും ഈ സംസ്ഥാനത്തു് നിർദ്ദേശിച്ചിട്ടുള്ള പരിപാടികൾ നടപ്പിലാക്കുന്നതിനു വേണ്ട സഹായധനവും മറ്റു ഒത്താശകളും ഇൻഡ്യാ ഗവണ്മെൻറ് ചെയ്തുതരണമെന്നു് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. വി. ശ്രീധരൻ : ഏതെല്ലാം ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനാണ് ധനസഹായം ആവശ്യപ്പെട്ടിട്ടുള്ളതു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അനേകം വ്യവസായങ്ങൾ ഉണ്ട്. അതെല്ലാം ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. സി. ജി. സദാശിവൻ : പനമ്പു വ്യവസായം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പല വ്യവസായങ്ങളുമുണ്ട്. പനമ്പു വ്യവസായത്തെയും ഉൾപ്പെടുത്തും.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ഗ്രാമീണ വ്യവസായങ്ങൾ എന്തെല്ലാം ആണെന്ന് പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഗ്രാമങ്ങളിൽ ഗ്രാമീണർ ചെയ്യാവുന്ന വ്യവസായങ്ങളാണ് ഗ്രാമീണ വ്യവസായം എന്നു പറയുന്നതു്.

ശ്രീ. പി. കെ. ചാത്തൻ : ഗവണ്മെന്റിന്റെ ഈ പദ്ധതി ആവിഷ്കരിച്ചതു് ആരാണെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ നാട്ടിലെ പല കമ്മിറ്റികളുടേയും അഭിപ്രായങ്ങളും മുമ്പിൽവച്ചുകൊണ്ടു് ഇവിടത്തെ ഗവണ്മെന്റാണു്.

പൈലോ പാപ്പുവിന്റെ മരണകാരണം.

* 253. [5] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കാലടി സ്വദേശിയായ പൈലോ പാപ്പുവിന്റെ മരണത്തിനു കാരണം പോലീസു് മർദ്ദനമാണെന്നുള്ള ആരോപണത്തെ മുൻനിറുത്തി പോലീസധികൃതരെ നിയോഗിച്ചു നടത്തിയ അന്വേഷണഫലം എന്തായിരുന്നു ;

(ബി) ഏതുദ്യോഗസ്ഥനാണു് അന്വേഷണം നടത്തി റിപ്പോർട്ടു സമർപ്പിച്ചതു് ;

(സി) വീണ്ടും ഒരന്വേഷണം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണു് ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) പോലീസ് അന്വേഷണത്തിൽ പാപ്പുവിന്റെ മരണത്തിനു കാരണം അയാൾ കൂടുകളിച്ചുകൊണ്ടിരിക്കവേ പോലീസുകാരുടെ അറസ്റ്റിനെ ഒഴിവാക്കാൻ ഓടിപ്പോയപ്പോൾ മുട്ടറ്റം ഇരുട്ടുള്ള കിടന്നിരുന്ന ഒരു പാളവണ്ടിയുടെ നടുത്തൂൺ ചെന്നടിച്ചു് വയറ്റിൽ ഇരുമ്പുമായ ക്ഷതമേറ്റതിനാലാണെന്നു് വെളിപ്പെട്ടു.

(ബി) സർക്കിൾ ഇൻസ്പെക്ടർ ചാലക്കുടി, തൃശ്ശൂർ എ. എസ്. പി., തൃശ്ശൂർ ഡി. എസ്. പി. എന്നിവർ ഡിപ്പാർട്ടുമെന്റൽ അന്വേഷണം നടത്തി.

(സി) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly